بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 30.01.2015

## (08 RABI'UL AAKHIR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

## ഇസ്ലാമും അടിമത്വവും / ISLAM & SLAVERY

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

നൂറ്റാണ്ടുകളായി മാനവ സമൂഹം അവനവനിൽ തന്നെ അടിച്ചേൽപ്പിക്കുന്ന അസമത്വങ്ങൾക്കു ചരിത്രം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. നിഷ്ഠൂര ഹൃദയരായി അവർ തങ്ങളിൽ തന്നെയുള്ള, തങ്ങളുടെ തന്നെ ഭാഗമായ, ചില സമൂഹങ്ങളെ അവഹേളിച്ച് തരം താഴ്ത്തുകയും, മറ്റു ചില സമൂഹങ്ങളെ ആരാധനാപാത്രങ്ങളാക്കി ഔന്നത്യത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്തുവരുന്നു. ചുരുക്കി പറയുകയാണെങ്കിൽ മനുഷ്യ സമൂഹം കാലാന്തരങ്ങളായി നിറത്തിന്റെയും വർഗ്ഗത്തിന്റെയും സാംസ്കാരിക പൈതൃകങ്ങളുടെയും, മതത്തിന്റെയും ഒക്കെ പേരിൽ പരസ്പരം ചേരി തിരിഞ്ഞ് പോയിരിക്കുന്നു. തത്ഫലമായി ചിലർ സമൂഹത്തിൽ വരേണ്യ വർഗക്കാരും, മറ്റുചിലർ താഴ്ന്ന വർഗ്ഗക്കാരുമായി ഭവിച്ചു. ഫലമോ, താഴ്ന്ന നിലയിലുളളവർ വരേണ്യരുടെ ഇംഗിതങ്ങൾക്കും, ആജ്ഞകൾക്കും ഒത്തു നിൽക്കേണ്ടവരായി മാറേണ്ടി വന്നു. ആരെങ്കിലും അതിനെ എതിർക്കുവാൻ ശ്രമിച്ചാൽ അവർക്ക് ക്രൂരമായ പീഡനങ്ങളും, അവഹേളനവും ഏൽക്കേണ്ടതായും വന്നു. ഈ അവസ്ഥയ്ക്കൊരു മാറ്റം വരുത്തുവാനായാണ് അല്ലാഹുവിന്റെ പ്രവാചകന്മാർ വന്നത്. മനുഷ്യരെന്ന നിലയിൽ തങ്ങൾക്ക് അവകാശപ്പെട്ട അന്തസ്സും, ആഭിജാത്യവും ഉയർത്തിപ്പിടിക്കുവാനും, തങ്ങളുടെ അവകാശങ്ങളെ പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട്, താഴ്ന്ന നിലയിലുള്ളവരായി അടിച്ചമർത്തപ്പെട്ടുപോയ മാനവ വിഭാഗങ്ങളിൽ ആശയുടെയും, പ്രതീക്ഷയുടെയും ചിന്തകൾ വിതറുന്നതിനാണ് അല്ലാഹുവിന്റെ കല്പനകളുമായി പ്രവാചകന്മാർ ഓരോ ജനതയിലേക്കും അയക്കപ്പെട്ടത്.

ഓരോ കാലഘട്ടത്തിലും അയക്കപ്പെട്ട പ്രവാചകന്മാർ അവരവർ എഴുന്നേൽപ്പിക്കപ്പെട്ട സമൂഹങ്ങളിൽ മാറ്റം വരുത്തുവാൻ ആത്മാർത്ഥമായി ശ്രമിച്ചപ്പോഴൊക്കെ അവരുടെ ഹൃദയാന്തരങ്ങളിൽ നിന്നുമുള്ള ആ ആത്മാർത്ഥ ശ്രമങ്ങളെ തച്ചു തകർത്ത് കാറ്റിൽ പറത്തുവാനാണ് അവിടെയുള്ളവർ ശ്രമിച്ചത്. ഈ സ്ഥിതിക്ക് പര്യവസാനം കുറിച്ചത് എല്ലാ മനുഷ്യരും സമത്വഭാവേന വാഴുന്ന ഒരു നവലോക സൃഷ്ടിപ്പ് എന്ന വാഗ്ദാനവുമായി മാനവസമൂഹത്തിനായി, അവരുടെ രക്ഷകനായി തിരുനബി (സ) ആഗതനായതോടെയാണ്. എല്ലാ മനുഷ്യരും സമന്മാർ എന്ന തത്വത്തിൽ അധിഷ്ഠിതമായാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചത്. ഭക്തിയുടെ നിലവാരത്തിലുള്ള വ്യത്യാസമല്ലാതെ യാതൊരു തരത്തിലുമുള്ള വ്യത്യാസവും അവർക്കിടയിൽ കൽപ്പിച്ചിട്ടില്ല. അക്കാരണത്താൽ തന്നെ യഥാർത്ഥ ഭക്തർ തങ്ങളുടെ ജീവിതത്തിന്റെയും, സൃഷ്ടിപ്പിന്റെയും, ഭൂമിയിലെ തങ്ങളുടെ സാന്നിദ്ധ്യത്തിന്റെയും പിന്നിലെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും തിരിച്ചറിയുന്നവരത്രേ. സമത്വവും, സാഹോദര്യവും കുടികൊള്ളുന്ന ഒരു നവലോകം എന്ന മനോഹരമായ പ്രതീക്ഷയുടെ വാഗ്ദാനം ഉണ്ടായത് പ്രതീക്ഷയെന്ന വികാരത്തിന് ഒരു തരിമ്പും വിലയില്ലാത്ത - അർത്ഥവും കല്പിക്കാത്ത ഒരു അപരിഷ്കൃത രാജ്യത്താണ്. അവിടെ സ്ത്രീപുരുഷന്മാർ മൃഗതുല്യരോ അല്ലെങ്കിൽ അവയെക്കാൾ താഴ്ന്ന നിലവാരത്തിൽ മാത്രം വില കൽപ്പിക്കപ്പെട്ടവരോ ആയിരുന്നു. മനുഷ്യർക്ക് യാതൊരു വിധ മൂല്യമോ, പരിഗണനയോ നൽകപ്പെട്ടിരുന്നില്ല. അത്തരം ഒരു സമൂഹമാണ് അല്ലാഹു തന്റെ മഹനീയനും, പ്രവാചകമുദ്രയുമായ മുഹമ്മദ് നബി (സ) യെ എഴുന്നേൽപ്പിക്കുവാനായി തെരഞ്ഞെടുത്തത്. അങ്ങനെ ആ സമൂഹത്തിലെ അപരിഷ്കൃത ജനതയെ സമുദ്ധരിപ്പിക്കുന്നതിനും, അവരെ മാനവികതയും, ധാർമ്മികതയും, ആത്മീയതയും പഠിപ്പിക്കുന്നതിനുവേണ്ടി.

ഇസ്ലാമിനെയും, ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകനെക്കുറിച്ചും അല്ലാഹുവിൽ നിന്നുള്ള സുവ്യക്ത ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിന്നിട്ടും, അവന്റെ കല്പന പ്രകാരം ഈ അപരിഷ്കൃത സമൂഹത്തെ പരിഷ്കരിക്കുന്നതിനും, അവരെ ഉദ്ധരിക്കുന്നതിനും അങ്ങനെ അവരിൽ അനുകമ്പയുടെയും സഹാനുഭൂതിയുടെയും വിത്തുകൾ വിതയ്ക്കുന്നതിനും അതുവഴി അവരെ യഥാർത്ഥ മനുഷ്യരും സർവ്വോപരി അല്ലാഹുവിന്റെ ഭക്ത ദാസരും ആക്കുവാനായി അവർക്കിടയിൽ ആഗതനായ നബി തിരുമേനി (സ) മോശക്കാരനായി ചിത്രീകരിക്കപ്പെട്ടു എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമായ ഒരു വസ്തുതയാണ്. മുകളിൽ എടുത്തുകാട്ടിയ പ്രകാരമുള്ള സദുദ്ദേശ്യങ്ങളോടെ അവരിൽ വന്ന തിരുനബി (സ) യ്ക്കെതിരെ ഭീകര പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നയാൾ എന്ന തരത്തിലെ ആരോപണം ഉന്നയിച്ച – അതുവഴി ഇസ്ലാമിനെ കളങ്കപ്പെടുത്തിയ – നിരക്ഷരകുക്ഷികളായ ആ ജന സമൂഹത്തിന് അല്ലാഹുവിന്റെ ദൂതൻമാരുടെയോ അതുപോലെ മഹദ്ജീവിതം നയിക്കുന്ന മറ്റ് ഭക്തദാസമാരുടെയോ ഹൃദയ നൈർമ്മല്യം തിരിച്ചറിയുന്നതിനോ, അനിതരസാധാരണമായ അവരുടെ ജീവിതശൈലികൾ തിരിച്ചറിയുന്നതിനോ സാധിച്ചിരുന്നില്ല.

മൗറീഷ്യസിൽ ഫെബ്രുവരി 1 അടിമത്ത നിർമ്മാർജന ദിനമായി ആഘോഷിച്ചുവരികയാണ്. അക്കാരണത്താൽ തന്നെ പ്രഖ്യാപിത പൊതു അവധി ദിനവുമാണ്. ഈ പശ്ചാത്തലത്തിൽ ഇസ്‌ലാമിനും തിരുനബി (സ) യ്ക്കുമെതിരുലുള്ള ഒരു ആരോപണത്തെക്കുറിച്ച് നിങ്ങളോട് സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇസ്‌ലാം അടിമത്വത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് ആ ആരോപണം. യഥാർത്ഥത്തിൽ ഇസ്ലാം അടിമത്വത്തെ അങ്ങേയറ്റം വെറുക്കുകയും, അനിസ്ലാമിക കാലഘട്ടത്തിൽ നിലവിലിരുന്ന അടിമത്വ വ്യവസ്ഥയെ ഉന്മൂലനം ചെയ്യുവനായി എല്ലാവിധ മാർഗ്ഗങ്ങളും അവലംബിക്കുകയും, അതിനായി പരിശ്രമിക്കുകും ചെയ്തു വന്നിരുന്നു എന്നതാണ് സത്യം.

യുദ്ധ തടവുകാരനായി പിടിക്കപ്പെട്ടു എന്നതുകൊണ്ടോ, എതിർ ചേരിയിൽപ്പെട്ട ഗോത്രക്കാരനോ, രാജ്യക്കാരനോ ആണ് എന്നതുകൊണ്ടോ മാത്രം ഒരാളെ അടിമയായി തരം താഴ്ത്തുന്നതിനെ ഇസ്‌ലാം വിരോധിക്കുന്നു.

ആയുധ ബലത്താൽ നിർബന്ധമായി മതം മാറ്റുന്നതോ, മതം സ്വീകരിക്കുന്നതോ ലക്ഷ്യമിട്ട് എതിർപക്ഷം നേതൃത്വം നൽകിയ യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട ആൾക്കാരെ അടിമകളാക്കി മാറ്റുന്നതിന് മാത്രം ഇസ്‌ലാം അനുകൂലിക്കുന്നുണ്ട്. മനുഷ്യ മനസാക്ഷിയെ മരവിപ്പിക്കുന്ന തരം തെറ്റുകൾ ചെയ്യുന്ന അത്തരം ആൾക്കാരെ തടവുകാരാക്കി അടിമയാക്കുന്ന ആ ഉദ്യമം ഒരു കുറ്റമായി ചിത്രീകരിക്കപ്പെടേണ്ട ഒന്നാണോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

അങ്ങനെയൊരാൾ അടിമയാക്കപ്പെട്ടാൽ അതിൽ നീരസം പ്രകടമാക്കുന്ന ഓരോരുത്തരും ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. അടിമയാക്കപ്പെടുന്നതിനു മുമ്പ് ആ വ്യക്തി എന്താണ് ചെയ്തു കൊണ്ടിരുന്നത് ? ആയുധ ബലത്താൽ മറ്റ് മനുഷ്യരെ അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുകയും, അങ്ങനെ അവരുടെ ആത്മാക്കളെ പിശാചിന്റെ ബന്ധനത്തിലാക്കുകയും ആണ് അയാൾ ചെയ്തുകൊണ്ടിരുന്നത്. ഈ പ്രവൃത്തി അദ്ദേഹം അനുസ്യൂതം തുടർന്നുകൊണ്ടിരുന്നുവെങ്കിൽ ആയിരക്കണക്കിന് ഹതഭാഗ്യർ യഥാർത്ഥ സത്യത്തെ ഉപേക്ഷിക്കുവാൻ നിർബന്ധിതരായി അജ്ഞതയാകുമന്ധകാരത്തിൽ വീണു പോകുമായിരുന്നില്ലേ ?

തന്റെ പ്രവൃത്തിയിൽ ആത്മാർത്ഥമായി ഖേദിക്കുകയും, പശ്ചാത്തപിക്കുകയും ചെയ്യുന്നതുവരെ ആ വ്യക്തി സ്വാതന്ത്ര്യം അർഹിക്കുന്നുണ്ടോ ? എന്താണ് അടിമത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ? താൻ ചെയ്ത തെറ്റിന്റെ ഉത്തരവാദിത്വം എറ്റെടുത്ത് യുദ്ധവിഹിതം അടയ്ക്കാൻ തയ്യാറാകുന്നതുവരെ ആ വ്യക്തിയുടെ വ്യക്തി സ്വാതന്ത്ര്യങ്ങൾക്ക് വിലക്കേർപ്പെടുത്തുന്നതാണ് അടിമത്തം. യുദ്ധത്തിൽ ആൾക്കാരെ തടവുകാരാക്കുന്നതും അവരെക്കൊണ്ട് പണികൾ ചെയ്യിക്കുന്നതും വിലക്കുന്ന ഏതെങ്കിലും ധാർമ്മികമോ, രാഷ്ട്രീയമോ ആയ ന്യായങ്ങൾക്ക് നിലവിൽ ഉണ്ടോ ?

പൊതുവേ നാമിപ്പോൾ കണ്ടുവരുന്ന കാഴ്ച രാജ്യങ്ങളെ അവർ തങ്ങളുടെ മേൽ ചുമത്തപ്പെട്ട ഭാരിച്ച യുദ്ധ വിഹിതം അടയ്ക്കുന്നതുവരെ സാമൂഹികവും , രാഷ്ട്രീയവും, സാമ്പത്തികവും ആയ അടിമത്തത്തിൻ കീഴിൽ ആക്കുന്നത് അനുവദനീയവും, ഉചിതവുമായ സംഗതിയാണ് എന്നുള്ളതാണ്. അതേ പക്ഷം, ഞാൻ മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള യുദ്ധത്തിൽ പങ്കാളികളാകുന്ന വ്യക്തികളെ അവരിൽ ചുമത്തപ്പെട്ട യുദ്ധ വിഹിതം അടയ്ക്കുന്നതുവരെ തടങ്കലിൽ പാർപ്പിക്കുന്നത് അനുചിതവും മനുഷ്യത്വരഹിതവുമായ നടപടിയാണെന്നും വിമർശിക്കപ്പെടുന്നു. ഇത് എത്ര വിചിത്രമാണ് ?

തടങ്കലിലാക്കപ്പെട്ട ഓരോ തടവുപുള്ളിക്കും, തങ്ങളിൽ ചുമത്തപ്പെട്ട യുദ്ധവിഹിതം നൽകി തങ്ങളുടെ സ്വാതന്ത്ര്യം സ്വായത്തമാക്കാവുന്നതാണെന്ന് ഇസ്‌ലാം വ്യവസ്ഥ ചെയ്യുന്നുണ്ട്. അങ്ങനെയുള്ളപ്പോൾ ഇസ്‌ലാമിനെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു രാജ്യത്തെ ആക്രമിച്ച വേളയിൽ ആ രാജ്യത്ത് തടങ്കലിലാക്കപ്പെടുന്ന ഒരു വ്യക്തി സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുണ്ട് എങ്കിൽ അയാളോ, അയാളുടെ ബന്ധുക്കളോ അയാളിൽ ചുമത്തിയ യുദ്ധ വിഹിതം യുദ്ധമടിച്ചേൽപ്പിക്കപ്പെട്ട രാജ്യത്തിന് നൽകി എന്തുകൊണ്ട് ആ വ്യക്തിയുടെ സ്വാതന്ത്ര്യം തിരിച്ചെടുക്കുന്നില്ല ?

നിരപരാധികൾക്കും കുറ്റവാളികൾക്കും അങ്ങേയറ്റം നീതിയുക്തമായ വിധികളാണ് (നിയമങ്ങളാണ്) ഇസ്ലാം പിന്തുടരുന്നത്. ഇതിൽ നിന്നും തികച്ചും വിഭിന്നമാണ് അനിസ്ലാമിക രാജ്യങ്ങൾ പിന്തുടരുന്ന സ്വേച്ഛാപരവും, സൈനികപരവുമായ നിയമങ്ങളും പദ്ധതികളും. ഇസ്ലാമിൽ കുറ്റവാളികളായി പിടിക്കപ്പെടുന്ന - തടങ്കലിലാക്കപ്പെടുന്ന - ഓരോ വ്യക്തിക്കും മാന്യമായ പരിചരണം ഉറപ്പു വരുത്തുകയും, തങ്ങളുടെ യുദ്ധവിഹിതം നൽകി സ്വതന്ത്രരാകുവാനുള്ള അവസരം നൽകുകയും ചെയ്യുന്നു. നിരപരാധികളായ ആൾക്കാരെ അനധികൃതമായി ബന്ധനത്തിലാക്കി അവരുടെ അടിസ്ഥാന മാനുഷികാവകാശങ്ങളെ നിഷേധിച്ച് അടിമകളാക്കി വയ്ക്കുന്നതിനെ ഇസ്‌ലാം ശക്തിയുക്തം എതിർക്കുകയും, അപലപിക്കുകയും, മനുഷ്യത്വരഹിത നടപടിയായി കണക്കാക്കുകയും ചെയ്യുന്നു. മുസ്ലീം എന്നോ അമുസ്ലീം എന്നോ ഉള്ള വേർതിരിവ് ഇല്ലാതെ ഇസ്ലാം സമൂഹത്തിലെ ഓരോ വ്യക്തിയുടെയും അവകാശ സംരക്ഷണത്തിൽ പ്രതിജ്ഞാബദ്ധമായിരിക്കുന്നു. സമൂഹത്തിൽ ആവശ്യമില്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ആയുധബലത്താൽ ജനങ്ങളെ ഇസ്ലാമിൽ നിന്ന് പിന്തിരിപ്പിച്ച്, ഇസ്ലാമിനെ തെറ്റായി ചിത്രീകരിച്ച് തേജോവധം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഇസ്ലാം അതിന്റെ നിയമവ്യവസ്ഥകൾ പ്രയോഗിച്ച് എതിരാളികളെ നിലയ്ക്കു നിറുത്തുകയും, അവരുടെ പ്രവൃത്തിയുടെ പരിണിത ഫലങ്ങൾ രുചിപ്പിക്കുകയും ചെയ്യുന്നു. ഇത് മറ്റ് ഏതൊരു നിയമവ്യവസ്ഥയിലും ഉള്ളതുപോലെ തന്നെയാണ്. ലോകത്തു നിലവിലുള്ള എല്ലാ നിയമവ്യവസ്ഥയിലും കുറ്റവാളികൾക്ക് തങ്ങളുടെ കുറ്റത്തിന് ഫലം അനുഭവിക്കേണ്ടതായിട്ടുണ്ട് - അത് ചിലപ്പോൾ നിശ്ചിത കാലയളവിലേക്കുള്ള ജയിൽ ശിക്ഷയോ, ആജീവനാന്ത തടവോ, വധശിക്ഷയോ ഒക്കെയാണ്. കുറ്റവാളികൾക്കെതിരിൽ മറ്റു രാജ്യങ്ങൾക്ക് ഇത്തരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിൽ തെറ്റില്ലെങ്കിൽ, ഒരു ഇസ്ലാമിക രാജ്യത്ത് കടന്നുകയറി, അവിടെയുള്ള മുസ്ലീങ്ങളുടെ വിശ്വാസത്തെ - മതത്തെ - വ്യണപ്പെടുത്തുവാൻ ഒരാൾ ശ്രമിച്ചാൽ അവിടുത്തെ ഇസ്ലാമിക കോടതിക്ക് ന്യായം നടപ്പിൽ വരുത്തുവാനുള്ള അധികാരം - അവകാശം - ഇല്ലേ ? ഇങ്ങനെ ചെയ്യേണ്ടി വന്നാൽ ഇസ്ലാമിനെയും, മുസ്ലീംങ്ങളെയുമാണോ മോശമായി ചിത്രീകരിക്കേണ്ടത് ? അതോ അത്തരം ഹീനപ്രവൃത്തികൾക്ക് പിന്നിലുള്ള സംഘത്തിനെയോ ?

ലോകം പുരോഗതിയുടെ പാരമ്യത്തിലെത്തിയിട്ടും മത സ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം തുടങ്ങിയ അടിസ്ഥാന അവകാശങ്ങൾ ചവിട്ടി തേയ്ക്കപ്പെടുകയും മറ്റുള്ളവരുടെ കണ്ണുകളിൽ ഇസ്‌ലാം വിദ്വേഷത്തിനും വെറുപ്പിനും പാത്രമാവുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നപോലെ മാനവകുലത്തിലെ എല്ലാ ഓരോ വ്യക്തിയുടെയും അവകാശങ്ങളെ പിന്താങ്ങുക എന്ന സദുദ്ദേശം നടപ്പിലാക്കാൻ ശ്രമിച്ചിട്ടും, ഇസ്ലാം പല നീചകൃത്യങ്ങളുടെയും പേരിൽ പഴിചാരപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വന്തം മന്ത് മണ്ണിൽ പൂഴ്ത്തിവച്ച് മറ്റുള്ളവരെ കുറ്റം പറയുന്നതുപോലെയാണ് ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുന്നവരുടെ സ്ഥിതി എന്നതാണ് സത്യം. കുറ്റാരോപണം നടത്തുന്നവർ തന്നെ സ്വയം കൃതാനർത്ഥങ്ങളിൽ ആണ്ടു കിടക്കുകയത്രേ. എന്നിട്ടും അവർ എന്തിനാണ് ഇസ്‌ലാമിനെയും, തിരുനബി (സ) യെയും പൊതുവേ മുസ്ലീങ്ങളെയും മുൾമുനയിൽ നിർത്തുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നത് ? അല്ലാഹുവിന്റെ വിധിവിലക്കുകൾക്കനുസൃതമായ നീതിയും ന്യായവും സമൂഹത്തിൽ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ തയ്യാറാക്കുകയും കുറ്റവാളികളെ അവരുടെ കുറ്റകൃത്യങ്ങൾക്കനുസൃതമായ കഠിന ശിക്ഷ നൽകുകയും ചെയ്യുമ്പോൾ ഇസ്ലാമിനെതിരെ നെറ്റിചുളിയ്ക്കുന്നത് എന്തിനാണ് ? എന്തിനാണ് ലോകത്ത് തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി അല്ലാഹു വിശുദ്ധ ഖുർആനിലൂടെ വെളിപ്പെടുത്തി തന്ന പരിപൂർണ്ണ നിയമങ്ങളെ രഹസ്യമായി ഉപയോഗിച്ചിട്ട്, അല്ലാഹുവിനെയും, അവന്റെ നിയമങ്ങളെയും, ഇസ്ലാമിനെയും പിന്നെയും പഴിചാരിക്കൊണ്ടിരിക്കുന്നത് ? അല്ലാഹുവും അവന്റെ പ്രവാചകനും ലോക ജനത ശാന്തിയിലും സമാധാനത്തിലും സമത്വഭാവനേയും ജീവിക്കുവാനായും, അവർക്കിടയിൽ ഉടലെടുത്തേക്കാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിലും അവർക്കായി അടിത്തറയിട്ടു നൽകിയ നിയമങ്ങളെ തങ്ങളുടേതെന്ന വ്യാജേന ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയല്ലേ അവർ

ചെയ്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥ കുറ്റവാളികൾ മാത്രം ശിക്ഷിക്കപ്പെടണമെന്നും അവർക്ക് തന്നെ പിന്നീട് അവരുടെ പ്രവൃത്തികളാൽ മാപ്പു നൽകാവുന്നതാണെന്നും അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിലൂടെ വെളിപ്പെടുത്തി തന്നിട്ടില്ലേ ?

ഇസ്ലാം മതപൂർണ്ണതയെ പ്രതിനിധാനം ചെയ്യുന്നു. അത് മതസ്വാതന്ത്ര്യത്തിന്റെയും, വിശ്വാസ സ്വാതന്ത്ര്യത്തിന്റേയും അവസാന വാക്കാണ്. അതു മനുഷ്യരെ, സ്ത്രീയാകട്ടെ പുരുഷനകാട്ടെ - സമത്വത്തിലേക്ക് ക്ഷണിക്കുന്നു; ഓരോരുത്തരും അവരവരുടേതായ ചുമതലകൾ നിർവ്വഹിക്കുവാനുണ്ടെന്ന് ഉണർത്തുന്നു ; ഒരാളും ഒരാളുടെയും അടിമയല്ല എന്നുണർത്തുന്നു. നിങ്ങൾ ഒരു തൊഴിലാളിയാണെങ്കിൽ നിങ്ങൾക്ക് പ്രതിഫലം നൽകാവുനൊരു തൊഴിലുടമ കാണും. പക്ഷേ ഇസ്ലാമിന്റെ മാസ്മരിക സൗന്ദര്യം എന്താണ് എന്നു വച്ചാൽ ഇവിടെ തൊഴിലുടമ (അല്ലാഹു) നിങ്ങൾക്ക് പ്രതിഫലം നൽകുക മാത്രമല്ല മറിച്ച്, നിങ്ങളിലെ യഥാർത്ഥ മനുഷ്യനെ ആദരിക്കുകയും, ഏറ്റവും നല്ല നിലയിൽ നിങ്ങളോട് പെരുമാറുകയും ചെയ്യുന്നു എന്നതാണ്. നിങ്ങളെ തൊഴിലാളിയായിത്തന്നെ കാണുന്നു. അടിമവേലക്കാരൻ ആയിട്ടല്ല. ഇവിടെ നിങ്ങൾക്ക് നിങ്ങളുടേതായ അവകാശങ്ങളുണ്ട്. നിങ്ങൾക്ക് അവ നിങ്ങളെ കേൾക്കുവാനായി എടുത്തുപയോഗിയ്ക്കാം. ഈ അവകാശം ആദ്യമായി നിങ്ങൾക്ക് നൽകിയത് ഇസ്ലാമാണ്. ക്രമേണയാണെങ്കിലും. ലോക ഭരണഘടനകൾ ഈ ഖുർആനികാധ്യാപനങ്ങളെ ഉൾക്കൊള്ളുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകതന്നെയാണ്. ഇസ്ലാം സർവ്വലോക ജനതയ്ക്കും വേണ്ടിയുള്ളതാണ് ; മുസ്ലീം ജനതയ്ക്ക് മാത്രമായുള്ളതല്ല, മറിച്ച് അല്ലാഹുവിൽ യഥാർത്ഥമായി വിശ്വസിക്കുന്ന ഭക്തരായ, ലോക ജനതയ്ക്ക് പ്രകാശവും മാർഗ്ഗദർശനവും ആയി അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനിലെ സത്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും പ്രയോജനപ്പെടുത്തുന്ന ഓരോ വ്യക്തിക്കും വേണ്ടിയുള്ളതത്രേ.

മറ്റുള്ളവരുടെ - നിരപരാധികളായവരുടെ, തെറ്റിദ്ധാരണയാൽ ശക്തിരാഷ്ട്ര ജനതകൾ അടിച്ചമർത്തിയവരുടെ ഒക്കെ - അവകാശങ്ങളെ മാനിക്കുവാൻ നമ്മെ ഓരോരുത്തരെയും, പൊതുവേ മനുഷ്യ സമൂഹത്തെ ഒട്ടാകെയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾ ആഗ്രഹിച്ച രാജ്യം - പ്രദേശം - അധിനിവേശപ്പെടുത്തി കഴിയുമ്പോൾ നിങ്ങളിൽ സഹജമായി ഉണ്ടായിരുന്ന യഥാർത്ഥ ദൈവ വിശ്വാസം നഷ്ടപ്പെട്ടുപോകുന്നുവെങ്കിൽ പിന്നെ ആ അധിനിവേശം കൊണ്ട് എന്തർത്ഥമാണുള്ളത് ? അല്ലാഹുവിന്റെ മുന്നിലെ സമർപ്പണത്തിൽ തുല്യത എന്നതാണ് നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ഭരണഘടനയിലെ ആപ്തവാക്യം. അങ്ങനെയിരിക്കെ, അല്ലയോ മനുഷ്യരെ, പിന്നെ എന്തിനാണ് നിങ്ങൾ നിങ്ങളുടെ സ്വേച്ഛകളെ തൃപ്തിപ്പെടുത്തുവാനും സ്ഥാപിച്ചെടുക്കുവാനുമായി ആപ്തവാക്യത്തെ വളച്ചൊടിക്കുവാനും വിൽക്കാനും ശ്രമിക്കുന്നത് ?

നിങ്ങൾ നിങ്ങളുടെ ചാപല്യങ്ങൾക്ക് അടിമപ്പെടാതിരിക്കുക - നിങ്ങളോട് പ്രതിഫലമായോ, പകരത്തിന് പകരമായോ ഒന്നും ആവശ്യപ്പെടാത്ത എന്നാൽ എക്കാലവും നിങ്ങൾ അവന്റേതായാരിക്കും എന്ന വാഗ്ദാനം നൽകുന്ന നിങ്ങളുടെ നാഥനിലുള്ള അടിയുറച്ച ഭക്തി വളർത്തിയെടുക്കുവാൻ പഠിക്കുക. ചുരുക്കി പറഞ്ഞാൽ നിങ്ങൾ നിങ്ങളുടെ നാഥനെ ആരാധിക്കുക. ഒരിയ്ക്കലും വിശ്വാസ വഞ്ചന കാട്ടാതിരിക്കുക.

വിശുദ്ധ ഖുർആനെയും, അതിലെ ആജ്ഞകളെയും ആദരിയ്ക്കുവാൻ അല്ലാഹു (ത) നമ്മെ സഹായിക്കുമാറാകട്ടെ! അതുപോലെ തന്നെ വിശുദ്ധ ഖുർആന്റെയും, ഇസ്ലാമിന്റെയും മാസ്മരികത തിരിച്ചറിയുവാൻ ആധുനിക സമൂഹത്തിന് സാധിക്കുന്നതിനും അല്ലാഹു (ത) ഇടയാക്കട്ടെ. ആമീൻ സുമ്മ ആമീൻ. യാ റബ്ബൽ ആലമീൻ.

**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**Fauzia Jamal**

*******